**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5291** **15-03-2023 - ൽ മറുപടിയ്ക്ക്**

**നബാർഡ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി മെച്ചപ്പെടുത്തുന്നതിനും കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി നബാർഡ് വഴി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശം അറിയിക്കാമോ; | (എ) | കൃഷി മെച്ചപ്പെടുത്തുന്നതിനും കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി നബാർഡ് ധനസഹായത്തോടെ കൃഷി എഞ്ചിനീയറിംഗ് വിഭാഗം, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധം -I ആയി ചേർക്കുന്നു. |
| (ബി) | 2020 മുതൽ 2022 വരെയുള്ള വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ നബാർഡ് വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ? | (ബി) | 2020 മുതൽ 2022 വരെയുള്ള വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ നബാർഡ് വഴി നടപ്പിലാക്കിയതും/നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധം -II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -I

കൃഷി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവൻ ആക്കുന്ന പദ്ധതി, കൃഷി ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി എന്നിവയും കുളങ്ങളുടെയും ജല സ്രോതസ്സുകളുടെയും പുനരുജ്ജീവന പ്രവൃത്തികളും നബാർഡ് ധനസഹായത്തോടെ കൃഷി വകുപ്പിന്റെ നിർവ്വഹണ ഏജൻസികളായ കൃഷി എഞ്ചിനീയറിംഗ് വിഭാഗം, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവ മുഖേന നടപ്പിലാക്കുന്നുണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉൾപ്പെടുത്തി നീർത്തട പദ്ധതികളും നബാർഡിന്റെ നിഡ (NIDA) സാമ്പത്തിക സഹായത്തിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ സമഗ്ര നീർത്തട വികസന പദ്ധതിയും നടപ്പിലാക്കി വരുന്നു.

പഴം, പച്ചക്കറിയുടെ സംയോജിത വിതരണ ശൃംഖല, Pack house നിർമ്മാണം, ടിഷ്യു കൾച്ചർ ലാബ് നിർമ്മാണം, പഴം, പച്ചക്കറിയുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ സ്ഥാപിക്കുന്ന Centre for Perishable Cargo, പഴം-പച്ചക്കറി എന്നിവയുടെ സംരക്ഷണത്തിനും വിതരണത്തിനുമായി Container Mode Eco-shop നിർമ്മാണം, അഗ്രിമാളുകളുടെ നിർമ്മാണം, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്തെ കാർഷികോൽപാദനം വർദ്ധിപ്പിക്കുവാൻ ഫാമുകളെ പ്രാപ്തമാക്കുന്നതിനുള്ള പദ്ധതി തുടങ്ങിയ പ്രവൃത്തികളും നബാർഡിന്റെ വിവിധ പദ്ധതി ധനസഹായത്തോടെ കൃഷിവകുപ്പിന്റെ കീഴിലുള്ള വിവിധ നിർവ്വഹണ ഏജൻസികളിലൂടെ നടപ്പിലാക്കി വരുന്നു.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ മൾട്ടി സർവ്വീസ് സെന്ററുകളായി ശക്തിപ്പെടുത്തുന്നതിനുള്ള നബാർഡിന്റെ PACS as MSC പദ്ധതി പ്രകാരം വിവിധ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ നാളികേര സംസ്കരണ യൂണിറ്റുകൾ, വെളിച്ചെണ്ണ ഉൽപ്പാദന-പാക്കിംഗ് യൂണിറ്റുകൾ, അഗ്രി ബിസിനസ്സ് പാർക്കുകൾ, കാർഷികോല്പന്ന ശേഖരണ - തരംതിരിക്കൽ - പാക്കിംഗ് - വിതരണ കേന്ദ്രങ്ങൾ. പഴം-പച്ചക്കറി-മത്സ്യ-മാംസ വിപണന കേന്ദ്രങ്ങൾ, കോൾഡ് സ്റ്റോറേജുകൾ, ബയോ ഫാർമസി, പോളിക്ലിനിക്കുകൾ തുടങ്ങിയവയും സ്ഥാപിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

## അനുബന്ധം II

| ക്രമ നം | പദ്ധതിയുടെ പേര് | നിർവ്വഹണ ഏജൻസി |
|---|---|---|
| 1 | RIDF XXI –കൽപത്തുരിടം ശ്രീ പരദേവതാ ക്ഷേത്രക്കുളം | കെ.എൽ.ഡി.സി. |
| 2 | RIDF XXI – എരവത്ത് മുക്കം കോതറചിറ വികസന പ്രവൃത്തികൾ | കെ.എൽ.ഡി.സി. |
| 3 | RIDF XXII – ഉരല്ലൂർ ചിറ നവീകരണം | കെ.എൽ.ഡി.സി. |
| 4 | RIDF XXVII – കുത്താളി ഫാമിന്റെ നവീകരണ പ്രവൃത്തികൾ | കെ.എൽ.ഡി.സി. |
| 5 | RIDF XXVII – കോഴിക്കോട് തിരുവമ്പാടി സ്മാർട്ട് കൃഷിഭവൻ പദ്ധതി | കെ.എൽ.ഡി.സി. |
| 6 | RIDF XXI –കുന്നമ്മൽ നീർത്തടം | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് |
| 7 | RIDF XXI –വടയം നീർത്തടം | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് |
| 8 | RIDF XXI – പാവുകണ്ടിത്തോട് നീർത്തടം | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് |
| 9 | RIDF XXII – ഒടേരിപ്പൊയിൽ നീർത്തടം | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് |
| 10 | RIDF XXV – ആനക്കുളം നീർത്തടം | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് |
| 11 | RIDF XXV – കല്ലൂള്ളതോട് നീർത്തടം | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് |
| 12 | RIDF XXVII –Centre for Perishable Cargo – Kozhikode Airport | സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ–കേരളം |
| 13 | RIDF അകലാപ്പുഴ പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ | കൃഷി എഞ്ചിനീയറിംഗ് വിഭാഗം |

| Sl. No. | Name of Scheme and Project | | Agency |
|---|---|---|---|
| 1 | PACS as Multi Service Centres | Modern automated virgin coconut oil plant and coconut dryer with coconut oil extraction plant | Eramala PACS |
| 2 | PACS as Multi Service Centres | Establishment of a coconut oil manufacturing unit with a processing capacity of 4MT raw coconut/day | Karannur PACS |
| 3 | PACS as Multi Service Centres | Coconut processing unit | Kodiyathur PACS |

| | | | |
|---|---|---|---|
| 4 | PACS as Multi Service Centres | Agri Business Park | Perumanna PACS |
| 5 | PACS as Multi Service Centres | Establishment of a multi-purpose building complex-Agri produce collection, sorting, packing and distribution centre; Vegetable, fruits, fish and meat sales centre; Agro shop for distribution of agri inputs; Farmer information centre; training hall; soil testing centre; margin low neethi medical shop and supermarket; polyclinic cum diagnostic centre | Kakkur PACS |
| 6 | PACS as Multi Service Centres | Establish a multi-purpose complex-Agri produce collection, sorting, packing and distribution centre; Vegetable, fruits, fish and meat sales centre; Agro shop for distribution of agri inputs; Farmer information cum training centre; Renting of agri farm equipment, Cold storage, Leasing/letting out of shops; Margin low supermarket and pharmacy; poly clinic cum diagnostic centre. | Thiruvambadi PACS |
| 7 | PACS as Multi Service Centres | Establishment of Agro Service Centre, Processing and Marketing of Agricultural commodities. | Cheruvannur PACS |
| 8 | PACS as Multi Service Centres | Copra dryer (10MT coconut per day) unit | Kattippara PACS |
| 9 | PACS as Multi Service Centres | Establishing fish processing & marketing unit, cold storage facility, online fish marketing etc. | Beypore PACS |
| 10 | PACS as Multi Service Centres | Establishing medical laboratory, medical pharmacy, poly clinic, super market, meeting hall and auditorium. | Nanminda PACS. |

സെക്ഷൻ ഓഫീസർ.